ലിറ്റിൽ സ്മൈൽ



# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ "ലിറ്റിൽ സ്പൈസൽ" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത് ഏറ്റവും സന്തോഷകരമാണ്. ഹൈടെക്ക് ക്ലാസ്സ് റൂമുകളും എച്ച് എസ് വിഭാഗത്തിനും പ്രൈമറി വിഭാഗത്തിനും വേണ്ടിയാണ് ICT ലാബുകളും നമ്മുടെ വിദ്യാലയത്തെ നല്ലൊരു ഹൈടെക്ക് വിദ്യാലയമാക്കി മാറ്റിക്കഴിഞ്ഞു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുമിച്ച് ചേർന്ന് വിവധ വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ മാഗസിൻ ഏറ്റവും മികച്ചതാകട്ടെ. ഇതിന്റെ നിർമ്മിതിക്കായി പരിശ്രമിച്ച കുട്ടികൾക്കും നിർദ്ദേശങ്ങൾ നൽകി കുട്ടികളെ പ്രോത്സാഹിപ്പിച്ച ബഹുമാനപ്പെട്ട അധ്യാപകർക്കും അനുമോദനങ്ങൾ.......

ആശംസകൾ......

സ്നേഹത്തോടെ

എഴുപുന്ന — ബിജുമോൻ ജോസഫ്

14:01:2020 — ഹെഡ്മാസ്റ്റർ



# എഡിറ്റോറിയൽ

**വിദ്യാഭ്യാസമേഖലയിൽ, പ്രത്യേകിച്ച് പൊതുവിദ്യാലയങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങൾ ഒരു പരിധിവരെ ഫലപ്രദമായിവരുകയാണ്. സ്കൂളുകളുടെ ഭൗതികര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോകമിക്കുന്നു. മുഴുവൻ ക്ലാസ്സ്മുറികളും സ്മാർട്ടാക്കുകയുമാണ്. സ്കൂൾ വിദ്യഭ്യാസം മെച്ചപ്പെടുത്തുന്നതിന് വിയോഗിച്ച സമിതി സർക്കാരിന് നൽകിയറിപ്പോർട്ടിലെ ശുപാർശകൾ ഇതിന്റെ തുടർച്ചയാണ്. സ്കൂൾ വിദ്യഭ്യാസമേഖലയിൽ ആമൂലാഗ്രം ഏകീകരമാണ് ശിപാർശായുടെ കാതൽ**

**ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കോലാള്ളുൻന്ന കൈറ്റിന്റെ സവിശേശമായ ഒരു സംരംഭാണ് "ലിറ്റിൽ കൈറ്റ്സ്" ഐടി ക്ലബ്ബുകൾ ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർഥികൾക്ക് തീവ്ര പരിശീലനം നൽകിയ സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ പുനരുജ്ജീവന ദൗത്യത്തിന്റെ ഭാഗമായ ഹൈസ്കൂൾ കുട്ടിക്കൂട്ടം പദ്ധപാടി ഘടനപരമായി നവീകരിച്ച SPC മോഡൽ അങ്ങനെ "ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബുകളായി" മാറുന്നു. രാജ്യത്തെ എറ്റവും വലിയ സ്റ്റുഡന്റ് ഐ ടി നെറ്റ് വർക്കായി ലിറ്റിൽ കൈറ്റ്സ് ഒരുങ്ങുന്നു.**

എൽവിസ്
എഡിറ്റർ



സെന്റ് റാഫേൽസ് എച്ച് എസ് എസ്

**ഉള്ളടക്കം**


**1. ഞാൻ ഒരു ദിവസം**

*2.Silent Make The Life Beautiful*

*3. നഷ്ട്പ്പെടുന്ന മലയാള തനിമ*

*4 .IT WAS A HOLIDAY*

*5. ഭൂമിക്കു 'ഭാരം' കൂടുമോ....?*

*6. തിരിച്ചറിയൽ കാർഡ്*

*7.A CHILDHOOD SAVED*

*8. ഡിജിറ്റൽ ലോകത്തേക്ക്*

*9.INTERNET INFLUENCE ON KID*

*10. ദൈവത്തിൻെറ സ്വന്തം  നാട്*

*11. പ്രളയാനന്തരം*

12. **എന്റെ വിദ്യാലയം**

# ഞാൻ ഒരു ദിവസം


shutterstock
IMAGE ID: 472387492
www.shutterstock.com


Angel Dream Interpretation

**ഞാൻ ഒരു ദിവസം നിദ്രയിലാണ്ടിരുന്ന സമയത്ത് ഒരു മാലാഖ എന്റെ കൈകള പിടിച്ച് ആകാശത്തേക്ക് പറന്നുയർന്നു പെട്ടെന്ന് ഞാൻ പിറകിലേക്ക് തിരിഞ്ഞു-നോക്കി .അതാ എന്റെ തോളുകളിൽ പഞ്ഞിക്കെട്ടുപോലെയുള്ള മനോഹരമായ രണ്ട് കുഞ്ഞിചിറകുകൾ മുളച്ചിരിക്കുന്നു. എന്റെ അത്ഭുതത്തോടുള്ള നോട്ടം കണ്ട് മാലാഖ ചോദിച്ചു നിനക്ക് പറക്കണ്ടെ , പറക്കണമെങ്കിൽ ചിറകുകൾ വേണം. ഞാൻ പുഞ്ചിരിയോടെ തലയാട്ടി. അങ്ങനെ ഞാനും മാലാഖും കൂടി ആകാശത്തേക്ക് പറന്നുർന്നു. മാഘലങ്ങളും നക്ഷത്രങ്ങളുമെല്ലാം ഞങ്ങൾക്ക് വഴിമാറിതന്നു . ആ യാത്ര അവസാനിച്ചത് ഒരു ഭംഗിയുള്ള പൂന്തോട്ടത്തിലായിരുന്നു. എന്നെ അവിടെ തനിച്ചാക്കി ആ മാലാഖ ആകാശത്തേക്ക് പറന്നുയർന്നു. ആ പൂന്തോട്ടത്തിന്റെ ഭംഗി ആസ്വദിച്ചി നിൽക്കുമ്പോൾ മറ്റൊരു മാലാഖ വന്ന് എന്നെ അതിമനോഹരമായ  വീടിനുമുന്നിൽ കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ വാതിൽക്കൽ സ്വർഗ്ഗത്തിലേക്കുള്ള വഴി എന്ന് എഴുതി വച്ചിട്ടുണ്ടായരുന്നു. അകത്തേക്ക് ചെന്നപ്പൾ ഒരു മുറിയിൽ ചില്ലിട്ട അലമാരയിൽ നിറയെ രജിസ്റ്റർ ബുക്കുകൾ അടുക്കി വച്ചിരിക്കുന്നു . അതിൽ നിന്ന് ഒരു രജിസ്റ്റർ ബുക്ക് മാലാഖ  എടുത്ത് എന്റെ കൈയിൽ തന്നു . എന്നിട്ട് അതിൽ ഒപ്പിടാൻ പറഞ്ഞു . ഞാൻ ആ ബുക്ക് വായിച്ചു നോക്കിയപ്പോൾ അത്ഭുതപ്പെട്ടുപോയി. കാരണം അതിൽ എന്റെ പേരും മേൽവിലാസവുമാണ് എഴുതിയിരികികുന്നത്.**

**തുടർന്ന് മാലാഖ എന്നെ ഒരു കമ്പ്യൂട്ടർ മുറിയിലേക്ക്ണ് കൊണ്ടുപോയി ഇരുത്തി മോണിറ്റർ ഓൺ ചെയ്ത് മൗസ് എന്റെ കൈയിൽ തന്നിട്ട് അപ്രത്യക്ഷയായി.ആദ്യം സ്ക്രീനിൽ ഒരു കുഞ്ഞുവാവയും കരച്ചിൽ ആണ് കേട്ടത്. പിന്നെ പയ്യെപ്പയ്യെ ഒരു കുഞ്ഞിന്റ മുഖം തെളിഞ്ഞുവന്നു. പെട്ടന്ന് ഞാൻ ഞെട്ടിപ്പോയി കാരണം. ആ കു ഞ്ഞിന്റ മുഖം എന്റേ തന്നേയായിരുന്നു.പിന്നീട് എന്റെ വളർച്ചയുടെ ഓരോരോ കാലഘട്ടങ്ങളും എന്റെ ജീവിതത്തിൽ സംഭവിച്ച എല്ലാകാര്യങ്ങളും ആസ്ക്രീനിൽ ഒരോന്നായി തെളിഞ്ഞുവന്നു. അതിൽ ഞാൻ ചെയ്ത നന്മകളും തിന്മകളും എല്ലാ**

**ഉൾപ്പെട്ടിരുന്നു.**

പെട്ടന്ന് സ്ക്രീനിൽ രണ്ടു വശത്തുമായി രണ്ടുകൈകൾ തെളിഞ്ഞുവന്നു. അതിൽ ഒന്ന് എന്റെ വലതുകൈയുടെയും ഒന്ന് എന്റെ ഇടതുകൈയുടേയുമായിരുന്നു. അതിൽ വലതുകൈയിൽനിറയെ ഞാൻ ചെയ്ത നന്മകളും ഇടതുകൈയിൽ ഞാൻ ചെയ്ത തിന്മകളും നിറഞ്ഞിരുന്നു. തുടർന്ന് സ്ക്രീനിൽ നിന്ന് ഒരു അശരീരികേട്ടു, അത് ഇങ്ങനെയായിരുന്നു. നിനക്ക് സ്വർഗത്തിലെക്ക പെകുവാനുള്ള തിന്റെ കണക്കെടുന്ന ദിവസമാണാ ഇന്ന്. ഒരു നന്മയ്ക്ക് ഒരു തിന്മ എന്നനിലയ്ക്കാണ് കണക്കെടുപ്പ് , കണക്കെടുപ്പു തുടങ്ങി കൈകളുടെ ഭാരം കുറഞ്ഞു തുടങ്ങി. അവസാനം വലതികൈപ്പതി ശൂന്യമായി. ഇടതുകൈപ്പത്തിയുടെ ഭാരം കുറച്ചുകൂടിയുണ്ടായിയുന്നു. ഇതു കണ്ട് ഞാൻ നിരാശനായി ദൈവത്ത വിളിച്ചു. പെട്ടന്ന് ഒരു ദൂതൻ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എന്റെ ദയനീയ അവസ്ഥ കണ്ട് അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ നിനക്ക് മൂന്നു ദിവസം സമയം തരാം എത്രയും ലേഗം നിന്നാൽ കഴിയുന്ന നന്മകൾ ചെയ്ത വലതുകൈപ്പത്തിയുടെ ഭാകം കൂടി വേഗം തിരിച്ചെത്തുക. ഇത് കേട്ടയുടനെ ഞാൻ വീണ്ടും തിരിച്ചുപറന്നു,എന്നെക്കൊണ്ടു ചെയ്യുവാൻ പറ്റുന്ന നന്മകൾ വാരിക്കൂട്ടുവാൻപ്പെട്ടന്ന് ഞാൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു.

ഗുണപാഠം - ജീവിതത്തിൽ നമുക്ക് ഇതുപോലെ രണ്ടമത് ഒരു തിരിച്ചുവരവില്ലെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് നന്മകൾ ശേഖരിക്കു. വലതുകപ്പത്തിയുടെ ഭാരം കുട്ടുവാൻ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം.

ജോയൽ എ. ജെ. 6. ബി

# Silent Make The Life Beautiful

**Silent make the life beautiful...**

**Silent create our life as heaven...**

**Silent is a wish of peace...**

**We want happy we want silent.**

**Most magical gift of god was silent...**

**We maintain silent we became a god**

**God always maintain silent...**

**Silent thrills us positive pleasure.**

**Heavy problems may overcome like silent...**

**Silent make family beautiful...**

**Silent make person creative...**

**Oh!  Silent! Oh! What a gift!**

**We wish beautiful we wish silent**

**Silent is pleasure...**

**Silent is like a holy angel...**

**Silent is a magical power of world.**

**Silent create a feelings**

**The nature maintain always silent**

**If they sad if they happy**

**Silent make our world peace.**

**Silent make the life most precious and**

**beautiful...**

**Silent wiped the world tears all away...**







AMALA ABEL

XB

# നഷ്ട്പ്പെടുന്ന മലയാള തനിമ

നമ്മുടെ മാതൃഭാഷയാണ് മലയാളം. എന്നാൽ മലയാള സംസ്കാരത്തിൽ നിന്ന് ഒഴിഞ്ഞു മാറികൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്.

മലയാള തനിമയെ നഷ്ടപ്പെടുത്തുന്ന രീതിയിലാണ് ഇന്ന് ഓരോ ആളുകളുടെയും പെരുമാറ്റരീതികൾ. പണ്ടത്തെ കാലങ്ങളിൽ മലയാളത്തെ സ്വന്തം അമ്മയെ പോലെയാണ് കണ്ടിരുന്നത് ആ മലയാളത്തെ കുറിച്ച് വിദ്വാൻമാരായ ചെറുശ്ശേരി, വള്ളത്തോൾ, ഉള്ളൂർ തുടങ്ങിയവർ പാടിയിരിക്കുന്നു.

ആ മലയാള ദേശത്തെ ഉത്തേജിക്കപ്പെട്ടത് ഒരേ ആളുകളുടെയും കൂട്ടായ്മയാണ്. മലയാള ദേശത്തിൻെറ പ്രധാനപ്പെട്ട ഉത്സവമാണ് ഓണം. എല്ലാ ആളുകളും ഒരേ പോലെ കൊണ്ടാടുന്ന ഉത്സവമാണിത്. ബന്ധുക്കളും കുട്ടികളും ചേർന്ന് പൂക്കളമിടുകയും അത്തക്കളം ഇടുകയും, ഒരുമിച്ചിരുന്ന് സദ്യ കഴിക്കുമ്പോഴാണ് മലയാളതനിമ നിലനിൽക്കുന്നത്.

പക്ഷേ ഇന്ന് അങ്ങനെയല്ല കുട്ടികൾ പുറത്തുപോയി കളിക്കാനോ പൂക്കളമിടാനോ അവർ ഇഷ്ടപ്പെടുന്നില്ല നാല് ഭിത്തികളിൽ അവർ കഴിയുന്നു. ഓണത്തിന് ഇടാനുള്ള പൂക്കളമിടാൻ പൂക്കൾക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ നാമിന്ന് ആശ്രയിക്കുന്നു.

***പണ്ട് കാലങ്ങളിൽ എല്ലാവരും കൃഷി ചെയ്യുമായിരുന്നു എന്നാൽ ഇന്ന് ഇങ്ങനെയല്ല നെല്ലിന് മറ്റ് അസംസ്കൃതവസ്തുകൾക്കായി ഉത്തർപ്രദേശ്,രാജസ്ഥാൻ എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്ന് കൊണ്ടു വരുന്നു.***

***ഇന്ന് മലയാള ഭാഷയുടെ പച്ചപ്പ് ഇല്ലാതായികാണിക്കുകയാണ്.നമ്മുടെ പ്രകൃതിയെ ഇന്ന് അനേകം പേർ കൈയേറിയിരിക്കുന്നു.മലയാള ഭാഷയെ സ്നേഹത്തോടെ ആചരിക്കുകയാണ് നാമിന്ന് ചെയ്യേണ്ടത്.ഒരു മലയാളിയുടെയും ഇന്ന് നമ്മുടെ മലയാള സംസ്കാരത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. ഇന്ന് മലയാള ദേശത്തെ കളങ്കരഹിത.എവിടെ ചെന്നാലും മാലിന്യ രഹിതമായ***

***സംസ്കാരമാണ് നാമിന്ന് കാണുന്നത്.കുന്നുകളും പാടങ്ങളും നികർത്തി അവിടെ ഫ്ളാറ്റുകളും മറ്റു കമ്പനികളും പണിയുന്ന ആളുകളും ഈ പ്രവർത്തിമൂലം പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു. അതിൻെറ ഒരു അടയാളമാണിന്ന് ഈ മനുഷ്യരാശിയെ വെല്ലുവിളിച്ചവൻ പ്രളയം.***

***മലയാള ദേശത്തിൻെറ തനിമയും സ്നേഹവും നിലനിർത്തി നല്ലൊരു സമൂഹം നമ്മുക്ക് പടുത്തുയർത്താം..........***

**ABIYA ABEL**

VIII C





# ***IT WAS A HOLIDAY***





**Once upon a time boy called Rahul was travelling with his cycle it was a wonderful seen the beauty of that boy by cycle. He is very smart and good to study. He was going to his destination. He was going up of the hills he was tried and suddenly the chain of the cycle was broken and with the cycle began to going down and the boy was seeing the dead of his infront but the grace of god but his leg was broken and blood was coming out he cried in very loud sound for few time and with a medicine he tied his wound of leg, but it was very tough to fells the wound and he began to travelling by walking with cycle because it was very difficult to ride with cycle on the hill, but he did not lose his confidence. He saw many people and many children in road to go to playing in holidays. He called the children and said you have know the lodge in near of the place they said yes we know, you comes with me we will show you. He got to the lodge and live for one and the room cost was only 700 rupees or a day. The next day he was began the riding of his cycle but he was hungry and he had very hungry to eat an elephant. He look many hotel but the hotel was closed but he find a bakery and eat one biriyani and one biriyani parcel because he want to eat when he was hungry he will eat that, In this thinking he goes and travelled in many place. He have a phone to look the map land search the place were he was sided his cycle and look from this place 200km to Kashmir but he was one problem from here there were 2 days to ride the cycle he ride fast the cycle to the looking in the map already the time is 12:35 pm, he didn't mind the time. He was not hungry because he was only one dream to see that the trip in Kashmir, suddenly the mother was calling from the phone, he take the call and he said; "Hi, mother are you fine, yes I'm fine, how was your journey, yes it's good. I will come back in 8 days. He was not tired and  he was not afraid because he was going to his dream place. He brought a Himalayan flag and tied in his cycle. He was looking to the map and riding the cycle, but the cycle's air was losing and he was afraid and ride very very fast to the cycle shop and they said half hour to repair the cycle. He**

**sit in the cycle shop and take his parcel and eat the biriyani he got the cycle in half hour and he want to rest in the and the next half hour he sleep very nicely and he get the energy to ride the cycle to the place. He saw some place and some people with many cars and bikes they looked him and smile, he also smile. He loves the songs, he take the head set and hear the music to enjoy the ride. He was very confidence to see the place. It was night he looks sleepy and he get a room to sleep and next day he get up in 6:00 am, began ride with one bottle of water, he drink the water time to time because he was thirsty. In his pocket only 10,000 rupees. He was not healthy. He want to meat a doctor to check the healthy. He was okay and take rest for half hour and from 4:00 pm he reached in his Dream place**

**THE WONDERFUL KASHMIR!**

***AKSHARA ASHOKUMAR***
***X A***

# ഭൂമിക്ക് 'ഭാരം' കൂടുമോ.....?

## [ജൂലൈ 11 ലോക ജനസംഖ്യാദിനം]






1989 മുതൽ ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ UNDP യുടെ ആഭിമുഖ്യത്തിൽ ജൂലൈ 11 ലോക ജനസംഖ്യാദിനമായി ആചരിച്ചുവരുന്നു. 1987 ജൂലൈ 11 ന് ലോക ജനസംഖ്യ 500 കോടിയിലെത്തിയതിന്റെ സ്മരണയിൽ നിന്നാണ് ഈ ദിനചാരണത്തിന്റെ പിറവി.

2016 ഏപ്രിൽ 4 ന് ലോക ജനസംഖ്യ- 741, 28,34,145 ആയിരുന്നു.

അതിൽ ഇന്ത്യൻ ജനത – 132, 30, 47, 216.

227921 പേരാണ് ഓരോ ദിവസവും ഭൂമിയിലാകെ കൂടിച്ചേർക്കപ്പെടുന്നത്. അതിൽ 43154 ഉം നമ്മുടെ രാജ്യത്താണ്. ദൈനംദിന വർദ്ധനവിൽ ചൈന പിന്നിലാണ്. വർശങ്ങൾ പിന്നിടുമ്പോൾ ലോകത്ത് ഇന്താക്കാരായിരിക്കും ഏറ്റവും കൂടുതൽ ഇക്കണക്കിനു പോയാൽ 2050 ൽ 970 കോടിയായും ഇഹലോകമനുഷ്യരുടെ എണ്ണം പെരുകുമെന്നാണ്  പ്രവചനം. എന്നാൽ ജനസംഖ്യ കുറയുന്ന രാജ്യങ്ങളും ഉണ്ട്. ജപ്പാനിൽ ദിനംപ്രതി 684 പേർ കുറയുകയാണ്. ഉക്രൈനും ജർമ്മനിയും പോർച്ചുഗലും ഈ ഗണത്തിൽപ്പെടുന്നു. ലൊകജനസംഖ്യയിൽ ചൈനയാണു നിലവിലെ ഒന്നാമൻ. ഏറ്റവും കുറവുള്ളത് ഹോളിസീയിൽ. 801 മനുഷ്യർ മാത്രം ഉള്ള ഈ പരമാധികാര സ്വതന്ത്ര്യരാജ്യം വത്തിക്കാൻസിറ്റിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. രണ്ടിടത്തേയും ഭരണാധികാരി അഭിവന്ദ്യ പോപ്പ് തിരുമേനിയാണ്.ഇത്തരത്തിൽ തത്സമയ ജനസംഖ്യവിസേഷങ്ങൾ അറിയുവാൻ www . geohive .com എന്ന വെബ്സൈറ്റ് സന്ദർശിക്കു. വിവരശേഖരണം നടത്തി ലോകജനസംഖ്യദിനത്തിൽഒരു  ക്വിസ്  സംഘടിപ്പിക്കാം. അല്ലങ്കിൽ ജനസംഖ്യാവർദ്ധനവിന്റെ അനന്തരഫലങ്ങളെ അധികരിച്ച് സെമിനാർ ആവാം. പതിവു പരിപാടികൾ ആയിക്കോളൂ. ഈ ജനസംഖ്യദിനത്തിൽ പുതിയോരു ചിന്തയ്ക്കു വഴിമരുന്നിടുകയാണ്.

പ്രശ്നം ഇതാ.........

മനുഷ്യരിങ്ങനെ പെരുകിയാൽ ഭൂമിയുടെ ഭാരം കൂടുമോ?


ഭാരമാണോ, പിണ്ഡമാണോ? കൂടുമോ? കുറയുമോ? സ്ഥിരമായിരിക്കുമോയ?

കാര്യകാരണബന്ധത്തന്റ അടിസ്ഥാനത്തിൽ തലപുകഞ്ഞാലോച്ക്കു. എന്നിട്ട് ക്ലാസിൽ ഒരു സംവാദം നടത്തു

അങ്ങനെ വേറിട്ട് ചിന്തിക്കു. ഇവിടെ തുടക്കാം കുറിക്കുക. ചിന്തിച്ചു ചർച്ചചെയ്തും ബുദ്ധിക്കു മൂർച്ച കൂട്ടുക മൂർച്ചയേറിയ ബുദ്ധിയാണ് കാലവും സമൂഹവും ആവസ്യപ്പെടുന്നത്

**സേതു ലക്ഷ്മി എം. ടി**






**AMALA LALU**

**XE**

# തിരിച്ചറിയൽ കാർഡ്

# കേരളം



*തലസ്ഥാനം തിരുവനന്തപുരം.


*44 നദികൾ ഇവിടെയുണ്ട്.

* ജഡായുപാറ ഇവി സ്ഥിതി ചെയ്യുന്നു.

*ഓണം ഇവരുടെ ദേശീയ ഉത്സവമാണ്.

*തമിഴ്നാട്, കർണാടക അയൽ സംസ്ഥാനങ്ങളാണ്.

# ഗുജറാത്ത്



*ഗാന്ധിജി ജനിച്ച സംസ്ഥാനം.


*തലസ്ഥാനം ഗാന്ധിനഗർ.

*സബർമതി ആശ്രമം ഈ സംസ്ഥനത്താണ് നിലകൊള്ളുന്നത്.

*ഗാന്ധിജിയുടെ സമാധി ഈ സംസ്ഥനത്തിലെ  രാജ്ഘട്ടിലാണ്.

*അഹമ്മദാബാദ് എന്ന സ്ഥാനത്താണ്.

# തമിഴ്നാട്



*തലസ്ഥാനം ചെന്നയാണ്.


*തഞ്ചാവൂരിലെ ബൃഹദിശ്വരക്ഷേത്രം ഇവിടെയാണ് നിലകോള്ളുന്നത്.

*പൊങ്കൽ ഇവിടെ ആചരിക്കുന്നു.

* മഹാബലിപുരം ഇവിടെസ്ഥിതി ചെയ്യുന്നു.

*കേരളവും, കർണാടകയും അയൽ സംസ്ഥാനങ്ങളാണ്.

# രാജസ്ഥാൻ



*ഏറ്റവും വലിയ സംസ്ഥാനമാണിത്.


*മരുഭൂമികൾ കൂടുതലായി കാണപ്പെടുന്നു.

*തലസ്ഥാനം ജയ്പൂർ.

*ഥാർ മരുഭൂമി ഈ സംസ്ഥാനത്താണ്.

* മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നിവ അയൽ സംസ്ഥാനങ്ങൾ.

# കർണാടക



*തലസ്ഥാനം ബംഗ്ളൂരു ആണ്.


*മൈസൂർ പാലസ് ഇവിടെ സ്ഥതി ചെയ്യുന്നു.

*തമിഴ്നാട്, കേരളം എന്നിവ അയൽ സംസ്ഥാനങ്ങൾ.

*ഹംപി ഇവിടെ സ്ഥിതിചെയ്യുന്നു.

*മംഗലാപുരം ഇവിടെ സ്ഥിതി ചെയ്യുന്നു.

# മഹാരാഷ്ട്ര



*മുംബൈയാണ് തലസ്ഥാനം.

*അജന്ത ഗുഹതൾ ഇവിടെ സ്ഥിതി ചെയ്യുന്നു.

*എല്ലോറ ഗുഹകൾ ഇവിടെ സ്ഥിതി ചെയ്യുന്നു.

*നാഗ്പൂർ എന്ന സ്ഥലം ഇവിടെയുണ്ട്

*മധ്യപ്രദേശ്, ഛത്തീസ്ഗഢ്, തെലുങ്കാന, കർണാടക, ഗോവ ഇവയെല്ലാം അയൽ സംസ്ഥാനം

ലയോള കെ. ബി.

6. ടി

# A CHILDHOOD SAVED

***It had been over two hours waiting for the train. Rube was getting restless. Suddenly she noticed a child begging at the platform. He appeared to be a little, sweet boy who had a small bag on his shoulder. She noticed a book in his bag. Rube was eager to know where the chide lived. There was still more than an hour left for her train to arrive. So, she got up and started following him. The boy moved out of the station and entered a slum nearby. He got into a house which appeared to be a very dirty on hygienic place. There were other child beggars in the house who were in the age group of 5-12 years. They were thin and weak. They had money but nothing to eat. Just then, a burly man entered the house. The children become quiet. He asked them for the money that they had collected by begging. The poor children handed all the money they had to him.***


***Rube understood that it was a racket of child beggars. She felt pity those small children. She decided to inform the police. The police and an NGO 'Bachpan Bachao Andolan' Soon reached the place. The man was perplexed on seeing the police. The police arrested him and the children were sent under the protection of the NGO from where they would be sent to their homes. Rube felt relieved and was appreciated by everyone. She was later rewarded by the government for her effort in rescuing the children.***







***JYOTHIKA J M***

***X C***



**SUDEV K S IX A**

# ഡിജിറ്റൽ ലോകത്തേക്ക്



**സാമൂഹ്യജീവിതത്തിൽ വിവിധ തലങ്ങളെ ഏറ്റെ സ്വാധീനിക്കുകയും പരിഷ്കരിക്കുകയും ചെയ്ത ഒരു നൂതന സാങ്കേതിക വിദ്യയാണ് വിവര വിനിമയ സാങ്കേതികവിദ്യ അഥവാ (Information Communication Technology (ICT) ഐ.സി.ടി രംഗത്തെ വളർച്ചയും മാറ്റങ്ങളും നമ്മുടെ നിത്യജീവിതത്തെ വളരെ സ്വാധീനിക്കുന്നുണ്ട്. അതു കൊണ്ടുതന്നെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനായാസം കൈകാര്യം ചെയ്യാൻ അറിയുക എന്നത് കുട്ടികളുടെ അടിസ്ഥാനശേഷിവിക-സനത്തിന് ഒഴിച്ചുകൂടാൻ അവാത്തതായി തീർന്നിരിക്കുന്നു.**

**വിവരവിനിമയസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നിങ്ങളുടെ പഠനപ്രക്രിയയുടെ ഗുണമേന്മ മൊത്തത്തിൽ വർദ്ധിപ്പിക്കുന്നതിനും സ്വയം പഠനത്തിന് നിങ്ങളെ സഹായിക്കുന്ന തരത്തിലുമാണ് ഐ.സി.ടി പാഠപുസ്തകങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്ന്ന-ത്.**

**ചിത്രരചനാപരിശീലനം, ഭാഷാപഠനത്തിനു സഹായകമായ ക്ലാസ് പത്രികാനിർമ്മാണം കൂടാതെ വിജ്ഞാനത്തിന്റെ മഹാസാഗരമായ ഇന്റർനെറ്റിനെ പരിചയപ്പെടൽ, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സാങ്കേതിക വിദ്യയുടെ ബാലപാഠങ്ങൾ കളികളിലൂടെ പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, വിവരങ്ങൾ പട്ടികയാക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ  അനായാസമായും കൃത്യതയോടും കൂടി ചെയ്യുന്നതിനുള്ള സ്പ്രെഡ്  ഷീറ്റ് സോഫ്റ്റ് വെയറുകൾ, നിങ്ങളുടെ കണ്ടെത്തലുകൾ, ആശയങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ മറ്റുള്ളവരുടെ മുമ്പിൽ ആകർഷകമായി അവതരിപ്പിക്കാൻ കഴിയുന്ന പ്രസന്റേഷൻ സോഫ്റ്റ് വെയർ, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭൂമിശാസ്ത്രം, അടിസ്ഥാനശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പഠനത്തിനു സഹായകമായ ഐടി പഠനവിഭവങ്ങൾ എന്നിവ ഐ.സി.ടി പാഠപുസ്തകത്തിലൂടെ നിങ്ങൾക്ക് പരിചയപ്പെടാം.**

ലിറ്റിൽ സൈറ്റൽ

**ക്ലാസ്സറികളിൽ നിങ്ങൾ സാധാരണ പഠനാനുബന്ധപ്രവർത്തനമായി നിർമ്മിക്കുന്ന കൊളാഷ് ജിമ്പ് സോഫ്റ്റ് വെയർ ഉപയോഗിച്ച തയ്യാറാക്കൽ, പട്ടികകൾ, ചാർട്ട്, റിപ്പോർട്ട് എന്നിവ കമ്പ്യൂട്ടർ ഉപയോഗിച്ച് തയ്യാറാക്കൽ എന്നിവയൊക്കയി കുട്ടികൾക്കായി ഐ.സി.ടി പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**



**നിരഞ്ജന P V**



സെന്റ് റാഫേൽസ് എച്ച് എസ് എസ്

# ***INTERNET INFLUENCE***

# ***ON KID***




**Internet influence on kid in two ways good and bad way......**

**Good ways influence on kid are for searching, studying, opportunities, meanings, video, music etc... good chatting and we can make good relationship and we get good knowledge about adventure topic and we get the most precious knowledge about our world, nation, district etc...and we can find the appropriate meanings we use internet in good ways it is a most beautiful and adventure app. and we do the video call. we can see our relatives from farewell can speak our relatives in any times and we can sharing our message and we can keep our personality internet is most and powerful user of Indian world. This is a magical app. Internet can aspect the eider and younger people. Internet may use in online purchase. Internet may use in online food purchase, dress purchase, electronic, applicants purchase etc....... If we are in a terrible situation we want a vehicle and we can book vehicle for our situation and the internet influence the kids in studying app like 'Byju's learning app' etc...Internet also influence the kids for encourage their studying skills and internet offered job opportunities Internet make the world a digital world and make the kids. Internet may be use in our life skill activities etc. If we are sick we can depend on doctor with use of internet. Internet encourage the kids different skills activities etc....... Internet is very cheaply and expensive in our world. If the use of internet is lot time and we addict to the internet. Then the internet having bad ways influence the kids. In bad videos, bad, films, bad-music, bad-chatting, bad-relationship, online black money, morphing etc.... Kids take more time for spending in internet it may cause the kids lazy and addict for bad-relationship bad-chatting may cause torching each other. The kids loss their mental and physical skills. The kids not share and talk with parents, family. They always like to sit silence and they were always in selfishness. And the kids use drugs and alcohol and they depend on juvaline crisis. The kids adapted in bad and dangerous games like blue whale etc... and they depend on crimes etc... The**

**overuse of internet may cause the kids in dangerous situation. We use the internet in good and helpful manner. Internet is a speed bomb manner. The kids adapted in bad games like blue whale they take the kids to kill and die themselves. The addict in games like pub g is most adventure and addict games many kids use play this game.**

**We use internet in positive use and internet have many good opportunity to kids etc...**

**The internet influence the kinds in right way and wrong way. We choose always right way and make world beautiful and peace to all human beings.....**



**LIDHIYA BAIJU**
**IX D**



ALDRIN POUL

# ദൈവത്തിൻെറ സ്വന്തം നാട്

കേരളം ഇന്ന് മലയാളം മറന്നിരിക്കുന്നു. മലയാള തനിമ മറന്നു. മലയാളം പറയുന്നത് ഇന്ന് കളിയാക്കപ്പെടുന്നു. പണ്ടു കാലങ്ങളിൽ ഓണത്തിന് കുട്ടികൾ പൂക്കൾ പാടത്തും പറമ്പിലും നടന്നായിരുന്നു തിരയുന്നത്. എല്ലാവരും ചേർന്ന് കളികൾ കളിക്കും ഒരുമിച്ച് ഇരുന്ന് സദ്യ കഴിക്കും ഇത് പഴം കഥ. ഇന്ന് കടകളിൽ നിന്ന് പൂക്കൾ മേടിക്കുന്നു സദ്യ മേടിക്കുന്നു കളികൾക്കു പകരം എല്ലാവരും ടി.വിയിൽ പല പരിപാടികളും കാണുന്നു.ഇതിലൂടെ മലയാള തനിമ നഷ്ടപ്പെടുന്നു.

നമ്മുടെ മുത്തച്ഛൻമാരുടെയും മുതുമുത്തച്ഛൻമാരുടെയും കാലത്ത് പറമ്പിൽ പണിയെടുത്ത് ജീവിച്ചവരായിരുന്നു.കിളികളുടെ ഒച്ചയും കൃഷി ചെയ്ത് കുടുംബം നോക്കിയവരുമായിരുന്നു അവർ.നിറയെ പുഴകളും നദികളും പച്ചപ്പും നിറഞ്ഞതായിരുന്നു ആ കാലം. എന്നാൽ ഇന്ന് എല്ലാവരും പച്ചകറികളും മറ്റു കടയിൽ നിന്ന് വാങ്ങുന്നു. നാട്ടിൽ കൃഷി ഒന്നുമില്ല,നദികളും പുഴകളും മലിനമാക്കപ്പെടുന്നു.പച്ചപ്പ് നഷ്ടപ്പെട്ടിരിക്കുന്നു ഗ്രാമങ്ങളിൽ താമസിക്കാൻ ആർക്കും ഇഷ്ടമില്ല. പട്ടണത്തിൽ ഉയർന്ന ജോലി ചെയ്യാനാണ് എല്ലാവർക്കും ഇഷ്ടം. അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന വിഷാംശനിറഞ്ഞ ഭക്ഷണ പദാർത്ഥങ്ങളാണ് കേരളം കഴിക്കുന്നത്. പലരും അസുഖത്തിന് അടിമകളാകുന്നത് ഈ ഭക്ഷണം കഴിച്ചാണ്. പണ്ടുള്ളവർ എല്ലുമുറിയെ പണിയെടുത്ത് ആരോഗ്യത്തോടെ ജീവിച്ചിരുന്നു.ഇന്ന് മനുഷ്യന് എല്ലുമുറിയെ പണിയെടുക്കാൻ മടിയാണ്.

കേരളം എന്നാൽ കേരത്തിൻെറ നാടാണ്.പാടങ്ങളും പുഴകളും നശിപ്പിച്ച് അവിടെ വലിയ വലിയ കെട്ടിടങ്ങൾ വയ്ക്കുകയും ആളുകളെ ജോലിക്ക് വിളിക്കുകയും ഉയർന്ന ശമ്പളം നൽകി അവരെ മലയാള തനിമ മറപ്പിക്കുന്നു.

**കുട്ടികളിന്ന് മലയാളം ഇഷ്ടമില്ല.ഇംഗ്ലീഷ് ഭാഷയിൽ സംസാരിച്ചാൽ ജനശ്രദ്ധ നേടും അത് പഠിച്ചാൽ വിദേശ രാജ്യങ്ങളിൽ ഉയർന്ന ജോലികിട്ടിയാൽ അവരുടെ ജീവിതം രക്ഷപ്പെടും.പണ്ട് കുട്ടികൾ പഠിക്കാൻ ആഗ്രഹിച്ചാലും വീട്ടിലെ സാമ്പത്തികനില കാരണം ഒന്നും നടക്കാറില്ല.**

**മലയാള ഭാഷയും രീതിയും തനിമയും കേരളത്തിൻെറ മാത്രം പ്രത്യേകതകൾ ഇന്ന് ഇല്ല. ആർക്കും അത് നോക്കി നടത്താൻ സമയമില്ല. എല്ലാരും മലയാള തനിമയെ നഷ്ടപ്പെടുത്തി. ദൈവത്തിൻെറ സ്വന്തം നാടായ മലയാള നാട്ടിൽ അതിൻെറതായ തനിമയും പ്രൗഢിയും നഷ്ടപ്പെട്ടു.**



**LIGI MARIA**



ലിറ്റിൽ സൈസ്മൽ

# പ്രളയാനന്തരം





സെന്റ് റാഫേ

***ഒരു വേനൽക്കാലം കഴിഞ്ഞ് മഴക്കാലം അടുത്തു് വന്നപ്പോഴാണ് ജനങ്ങളുടെ മനസ്സിൽ പേടി കടന്നുവന്നത്. ഒരു ദിവസം അവളുടെ അനിയനും അമ്മയും അച്ഛനും ഒന്നിച്ച് വരാന്തയിലിരുന്ന് മഴ ആസ്വദിക്കുകയായിരു-ന്നു. അവർ ഒരു പാവപ്പെട്ട കുടുംബമാണ് വളരെ കഷ്ടപ്പെട്ടും ദുരിതങ്ങൾ അനുഭവിച്ചും സങ്കടങ്ങൾ ഏറ്റുവാങ്ങിയും നല്ലതുപോലെ ജീവിച്ചുപോകുന്നവരാണ് അവരുടെ ആ കൊച്ചുകുടുംബം. അവരുടെ വീട് ഒരു മലയോര പ്രദേശത്താണ്. വീടിനടുത്ത് നല്ല തണലും നല്ല കാറ്റുമാണ്.രാവിലെ എഴുന്നേൽക്കുമ്പോൾ കിളികളുടെ മധുരമായ ശബ്ദം കേൾക്കും. അവളുടെ അച്ഛനും അമ്മയും ജോലിക്ക് പോയി  കഴിഞ്ഞാൽ അല്പനേരം കഴിഞ്ഞ ഉടനെ അവരും സ്കൂളിലേക്ക് പോകും. ഒരു വഴക്കും യാതൊരു പ്രശ്നങ്ങളും ഇല്ലാതെ അവർ സന്തോഷത്തോ ജീവിച്ചു. അയൽവക്കവീടുക-ളിലുള്ളവരോട് നല്ലതുപോലെ സ്നേഹത്തോടുകൂ-ടിയുമാണ് അവർ ജീവിച്ചുപോകുന്നത്. പക്ഷെ കുറച്ചുനാൾ കഴിഞ്ഞ് മഴ കനത്തു. മഴ കനത്തുകഴിഞ്ഞപ്പോൾ അവർക്ക് പ്രയാസമായി അച്ഛനും അമ്മയ്ക്കും ജോലിക്കുപോകാൻ പറ്റാതായി. കുറച്ച് നാൾ കൂടി കഴിഞ്ഞപ്പോൾ സ്കൂളുകൾക്കെല്ലാം അവധി പ്രഖ്യാപിച്ചു. മഴ കനത്തു കനത്തു തുടങ്ങി അങ്ങനെ ഒരു ദിവസം അവരുടെ അച്ഛനും അമ്മയും കൂടി മക്കളെ വീട്ടിലാക്കിയിട്ട് സാധനങ്ങൾ വാങ്ങാനായി കുറച്ചു ദൂരെ ഒരു  കടയിൽ പോയി. അപ്പോഴേക്കും ആണ് അനർ മലമുകളിൽ നിന്ന് ഒരു ശബ്ദം കേട്ടത്. നല്ല മഴ ആയതുകൊണ്ട് അവർക്ക് വീടിനു  പുറത്തേക്കിറങ്ങാൻ സാധിച്ചില്ല.***

***വളരെ വേഗം തന്നെയാണ് ഉരുൾപൊട്ടലുണ്ടായത്.  അവരുടെ വീട് ഉണ്ടായിരുന്നിടത്ത് അങ്ങനെയൊരു വീട് ഉണ്ടായിരുന്നില്ല. അച്ഛനും അമ്മയ്ക്കും വളരെയേറെ സങ്കടമായി അവർ കരച്ചിൽ നിർത്താത്ത സമയമില്ലായി-രുന്നു. പിന്നീട് അവരെ എല്ലാവരും ചേർന്ന് ദുരിതാശ്വാസ ക്യാമ്പിലേക്ക് കൊണ്ടുപോയി. അവർക്ക് ഒട്ടും താല്പര്യമില്ലായിരുന്നു തന്റെ മക്കൾ മരിച്ചുവീണ മണ്ണിൽ നിന്ന് അകന്നു മാറാനും ഇനി എന്റെ മക്കളില്ലാത്ത ജീവിതത്തിലേക്ക് കടന്നു പോകാനും. പക്ഷെ, നാട്ടികാരും ബന്ധുക്കളും അവരെ വിളിച്ചുകൊ-ണ്ടുപോയി. അവരുടെ സങ്കടം ഒരിക്കലും***

***അവസാനിക്കില്ല. മക്കളില്ലാത്ത തിരിച്ച വന്നാൽ ഇനി പഴയതുപോലുള്ള സന്തോഷം ഒന്നിച്ചിരുന്നുള്ള തമാശ പറച്ചിൽ ഒന്നും ഉണ്ടാവില്ല. പക്ഷെ അവരുടെ മനസ്സിൽ ദൈവം പറഞ്ഞതുരോലെ കുറിച്ചിട്ടു "ഇനി മക്കൾ ഉള്ള ജീവിതം ഞങ്ങൾക്ക് ഉണ്ടാവില്ല ആ സന്താഷങ്ങളും പഴയതുപോലുള്ള പുഞ്ചിരിയും ഒന്നും ഉണ്ടാവില്ലെന്ന് ". ഇനി അവരുടെ ജീവിതം തുടങ്ങുമൊ ഇല്ലയോ എന്ന് അറിയില്ല...***

*MARIYA NIMMY*
*X E*

# എന്റെ വിദ്യാലയം

# സെന്റ് റാഫേൽസ് ഹയർസെക്കന്ററി സ്കൂൾ ഒരു ചരിത്രപര്യാടനം

# 1936-2019

**“വിദ്യാലയം അറിവിന്റെ സങ്കേതമാണ്. വിജ്ഞാനത്തോടൊപ്പം സംസ്കാരവും ജീവിതവിശുദ്ധിയും പകർന്നുകൊടുക്കുന്ന എന്റെ വിധ്യാലയത്തിന്റെ ചരിത്രത്തിലയ്ക്ക്....”**



# എഴുപുന്ന സെന്റ് റാഫേൽസ് ഹയർസെക്കന്ററി സ്കൂൾ 1936-2019

**എഴുപുന്നയുടെ സ്വന്തം സെന്റ് റാഫേൽസ് ഹൈസ്കൂൾ 83 സംവത്സരം പിന്നിടുന്നു. അനുഭവമുത്തുകൾ കൊണ്ട് കാലം കെട്ടിപടുക്കുന്ന മണിമന്ദിരമാണ് ചരിത്രം കഴിഞ്ഞ 83 വർഷത്തെ ചരിത്രത്തിൽ എന്തെല്ലാം അനുഭവങ്ങളാണ് ആ മണിമന്ദിരത്തിൽ കാലം ചാർത്തിയിരിക്കുന്നത്. സ്കൂളിന്റെ പുരോഗതിയുടെ പാതയിൽ ഏതെല്ലാം സംഭവങ്ങൾക്കാണ് സാക്ഷ്യം നിന്നിട്ടുള്ളത്. തികച്ചും അവികസിതമായ എഴുപുന്ന ഗ്രാമപ്രദേശം, 'വിദ്യാധനം മഹാദനമായി' കരുതിയ മാനേജ്മെന്റ്. ദാരിദ്രം കൊടികുത്തിവാണ മഹായുദ്ധങ്ങൾ രാജകീയ ഭരണം, ദേശീയസ്വാതന്ത്രലബ്ധി, ജനാധിപത്യത്തിന്റെ വരവ്, സാമൂഹികസമ്പ്രതായത്തെയും, സ്വത്തുടമസമ്പ്രദായത്തെയും മാറ്റിമറിച്ച നിയമങ്ങൾ ശാസ്ത്രസാങ്കേതിക വിദ്യകളുടെ കടന്നുവരവ്, സ്കൂൾ ആരംഭിച്ച 1936 മുതൽ നാളിതുവരെ നാട്ടിൽവന്ന സംഭവങ്ങൾക്ക് സാക്ഷിയാകാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞത്. ആവേശകരമായ ഓർമ്മതന്നെ ആ സ്മരണകൾ സ്കൂളിലെ ഓരോ ശിലകളിലും അലിഞ്ഞുചേർന്നിട്ടുണ്ടാവും സ്കൂൾ ആരംഭിച്ച കാലത്ത് അതിനുവേണ്ടി മുൻകൈ എടുത്തവരും ത്യാഗങ്ങൾ സഹിച്ചവരും മൺമറഞ്ഞിരിന്നു. ആ കാലങ്ങളെയും ആ മഹാശയ്യരേയും ആ വിദ്യാലയാനുഭവങ്ങളിലൂടെയും നമുക്ക് ഒന്ന് യാത്രചെയ്യാം.**

# സെന്റ് റാഫേൽസ് ഹൈസ്കൂളിനു മുമ്പ്

മറ്റെങ്ങുമെന്നപോലെ ഇവിടെയും പള്ളിക്കൂടങ്ങളായിരുന്നു.വിദ്യാകേന്ദ്രങ്ങൾ ആശാൻമാർ അധ്യാപകരും പനയോലത്താൾ പാഠപുസ്തകവും നാരായം പെൻസിലും പഠനം ഓലകൊണ്ടുള്ള കുടിവുകളായിരുന്നതിനാലാകും ഈ കളരികൾക്ക് കുടിപ്പള്ളിക്കൂടങ്ങളെന്ന് പേര് ലഭിച്ചത്. തിരുവിസാംകൂർ രാജാക്കന്മാരുടെ ഉദാരമായ വിദ്യാഭ്യാസനയവും, സാമൂഹിക പരിഷ്കാരികളുടെ പ്രേരണയും മൂലം പ്രൈമറി സ്കൂൾ സ്ഥാപിച്ചുനടത്തുന്നതിന് പലപ്രമാണി കുടുംബങ്ങളും മുന്നോട്ടുവന്നു. എഴുപുന്നയിലും അതിന്റെ അലയടികളുണ്ടായി. വെർണാകുലർ സ്കൂൾ എന്നാണിത് അറിയപ്പെട്ടത്. എഴുപുന്നയിൽ സ്ഥാരിച്ച സ്കൂളിന്റെ പേര് ലിയോ തേർട്ടിൻ മാർപാപ്പ സ്മാരക മലയാളം വെർണാക്കുലർ സ്കൂൾ എന്നായിരുന്നു.

കത്തോലിക്കാസഭയുടെ പരമാധികാരിയായ ലിയോ തേർട്ടീന്ത് മാർപാപ്പ ദീർഘ വീക്ഷണശക്തിയുള്ള സമർത്ഥനായ നേതാവും ഭരണ പരിഷ്കർത്താവുമായിരുന്നു. മുതലാളിതൊഴിലാളി ബന്ധം കലുഷിതമായ കാലത്ത് തോഴിലാളികൾക്ക് ന്യായമായ വേതനം കൊടുക്കാനും അവർക്ക് വേണ്ട അവകാശങ്ങ-ങ്ങളും സുരക്ഷതയും നൽക്കാനും കല്പിച്ചുകൊണ്ട് തൊഴിലാളികളുടെ "മാഗ്നകാർട്ട" വിളംബരം ചെയ്ത വിപ്ലവകാരിയായിരുന്നി അദ്ദേഹം. അതിനുള്ള കൃതജ്ഞതയും നാട്ടിലെ വിദ്യഭ്യാസ ആവശ്യങ്ങളും പരിഗണിച്ചാണ് മാർപാപ്പയുടെ പേരിൽ ഈ സ്കൂൾ ആരംഭിച്ച-ത്. മുകളിൽ ഒരു മുറിയും താഴെ മൂന്ന് മുറികൾ ഉള്ളതുമായ വലിയ ചെങ്കല്ലും ഓടും കൊണ്ടുള്ള രണ്ട് നില കെട്ടിടമായിരുന്നു അത് മേനോപ്പറമ്പത്ത് നാരായണൻ പിള്ള, കൈതാട്ട ഗോവിന്ദൻപിള്ള , എരമല്ലൂർ നരസിംഹഷേണായി, പി ജെ ലിയോൺ, ചേക്കോത്ത് ശ്രീധരൻ താപ്പർ മുതലാവർ ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്. കാലാന്തരത്തിൽ സ്കൂൾ ജീർണിച്ചു. കെട്ടിടം നിലംപതിക്കും എന്ന നിലയിലായി. കെട്ടിടത്തിന്റെ അപകടസ്ഥിതി റിപ്പോർട്ട് ചെയ്യാൻ സമന്ദർശനം നടത്തിയ സ്കൂൾ ഇൻസ്പെക്ടർ സ്കൂൾ അടച്ചുപൂട്ടണമെന്ന് അധ്യാപകർ എഴുതി തൽക്കാലം സ്കൂൾ നടത്താൻ ഒരു കെട്ടിടം നൽകുകയും ആറുമാസത്തിനകം സൗകര്യപ്രദമായ ഒരു സ്ഥലം കെട്ടിടവും. സജ്ജമാക്കിക്കൊള്ളാമെ-ന്ന് ഉറപ്പ നൽകുകയും ചെയ്താൽ നിലവിലുള്ള സ്കൂൾ നിർത്തികളയാതിരിക്കാൻ ശുപാർശ ചെയ്യാമെന്നും

**അധ്യാപകരുടെ ശമ്പളം മുടക്കം വരാതെ നൽകിക്കൊള്ളാമെന്നും സമ്മതിച്ചു. അതേതുടർന്ന് നാട്ടുകാരിൽ ചിലർ സെന്റ് റാഫേൽസ് പള്ളി വികാരിയായിരുന്ന റവ.ഫാ.ജോസഫ് വാട്ടക്കാട്ടുശ്ശേരിയെ കണ്ട് ഇൻസ്പെക്ടറുടെ നിർദേശം അറിയിക്കുകയും ഈ പ്രതിസന്ധി തരണം ചെയ്യുവാൻ പള്ളിക്കല്ലാതെ മറ്റാർക്കും സാദ്ധ്യമല്ലെന്നും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അച്ചൻ കൈകാരുമായി ആലോചിച്ച ശേഷം സ്കൂൾ ഏറ്റെടുക്കാമെന്നും യഥാകാലം കെട്ടിടവും സ്ഥലവും സജ്ജമാക്കി കൊള്ളാമെന്നും സമ്മതിക്കുകയും ചെയ്തു. അതിനാവശ്യമായ അപേക്ഷകൾ സമർപ്പിച്ചു. മദ്ധ്യവേനൽ അവധി കഴിഞ്ഞ് പള്ളിക്കൂടം തുറക്കേണ്ട സമയത്ത് പള്ളിയോടനുബന്ധിച്ചുള്ള പാരീഷ് ഹാളിൽ സ്കൂൾ താത്കാലികമായി തുടങ്ങുന്ന-തിനുള്ള ഉത്തരവും വാങ്ങി.**

## സാളമുറിയിൽ (പാരീഷ് ഹാളിൽ)

**അന്ന് തിരുവിതാംകൂർ സർക്കാരിന്റെ അക്കൗണ്ട് വർഷം കൊല്ലവർഷമാണ്.111 ഇടവം 5ാം തീയതി 1937 മെയ് 21ാം തീ-യതി സെന്റ് റാഫേൽസ് പള്ളിക്കൂടത്തിനു വേണ്ടി റവ. ഫാദർ ജോസഫ് വാട്ടക്കാട്ടുശ്ശേരി മാനേജ്മെന്റ് എടുത്തുകൊണ്ട് പള്ളിപാരീഷ് ഹാളിൽ സെന്റ് റാഫേൽസ് മലയാളം പ്രൈമ-റി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഹെഡ്മാസ്റ്റർ ആയി പള്ളിപ്പുറം ഉപ്പുപുറം പി.വി ജോൺ, അധ്യാപകരായി വൈക്കം മണ്ടിപ്പാടത്ത് വി.എം ജോസഫ്, പട്ടണക്കാട് ചേക്കോത്ത് ശ്രീധരൻ നായർ എഴുപുന്ന തെക്ക് പുതിയവീട്ടിൽ കെ അവിര തിരുവല്ല കെ എം മത്തായി, കെ മാധവപ്പിള്ള, പതിയാൻമൂല വർഗ്ഗീസ്, പി.കെ തോമസ്, പണിക്കവീട്ടൽ ആന്റണി, എന്നിവർ നിയമിതരായി. അക്കാലത്ത് അധ്യാപകയോഗ്യതയുള്ളവർ കുറവായിരുന്നതിനാൽ യോഗ്യതയുള്ളവരെ തേടിപ്പിടിച്ചും സ്വാധിനമുള്ളവരെകൊണ്ട് ശുപാർശ ചെയ്യിച്ചും ക്ഷണിച്ചുകൊണ്ട് വരികയായിരുന്നു. ഒന്നാം ക്ലാസ്സിൽ രണ്ട് ഡിവിഷൻ, മൂന്നും നാലും ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ വീതം ആകെ 98 വിദ്യാർഥികൾ. അന്നത്തെ ക്ലാസ്സുകൾക്ക് ഇന്ന് സ്റ്റാൻഡേർഡ് എന്നാണ് പറയുക ഹെഡ്മാസ്റ്റർക്ക് പത്തുരൂപയും അധ്യാപകർക്ക്**

അഞ്ച് രൂപയും വീതം ശമ്പളം സർക്കാരിൽ നിന്ന് ഗ്രാന്റ് കിട്ടുന്ന മുറയ്ക്ക് പറ്റിയ തുക ബാക്കി ഓരോ അധ്യാപകനും നല്കി കൊള്ളാമെന്ന മാനേജർ സമ്മതവും നൽകി അന്ന് ചേർത്തല താലൂക്ക് കോട്ടയം ഡിവിഷനിലായിരുന്നു. ആലപ്പുഴ ജില്ല അന്ന് രൂപം കൊണ്ടിട്ടില്ല. കൊട്ടയം ഡിവിഷൻ പേഷ്കാർ അപേക്ഷയെ പറ്റി അന്വെഷണത്തിന് ബോധ്യപ്പെട്ടകയും അടുത്തവർഷം തന്നെ 5ാം ക്ലാസ്സ് തുടങ്ങാൻ അനുവാദം നൽകുകയും ചെയ്തു. "E" ആകൃതി-യിൽ നിർമിച്ച കെട്ടിടത്തിൽ 5ാം ക്ലാസ്സ് ആരംഭിച്ചു. ഗ്രാന്റിനുള്ള അപേക്ഷ സമർപ്പിച്ചു. പുതിയതായി ആരംഭിച്ച പള്ളിക്കൂടങ്ങൾക്ക് ഗ്രാന്റ് നൽകുവൻ ബഡ്ജറ്റ് അലോട്ട്മെന്റ് ഇല്ലെന്ന് പറഞ്ഞ് അപേക്ഷ അതികൃതർ മാറ്റിവച്ചു. 1940 ൽ മിഡിൽ സ്കൂളിൽ പൂർത്തിയായി. 7ാം ക്ലസ്സിൽ പബ്ലിക്ക് പരീക്ഷയാണ്. സ്കൂളിന് അംഗീകാരമുണ്ടങ്കിലേ കുട്ടികളെ പരീക്ഷയ്ക്കിരുത്തൂ. അംഗീകാരം കിട്ടണമെങ്കിൽ 500 രൂപ ഫീസ് കെട്ടിവയ്ക്കണം. ആദ്യഗഡുവായി 100 രൂപ ബാക്കി 400 രൂപ 10 ഗഡുക്കളായി അടയ്ക്കണം. തന്റെ കൈയിൽ കെട്ടിയിരുന്ന പ്രിയപ്പെട്ട വാച്ചിന്റെ സ്വർണ്ണചെയിൻ ഊരി വിറ്റ പണമുണ്ടാക്കി പരീക്ഷാകേന്ദ്രം തുറവൂർ വെസ്റ്റ് ഗവ. മലയാളം മിഡിൽ സ്കൂളായിരുന്നു. അച്ചന്റെ ത്യാഗത്തിന് ദൈവം സമ്മാനം നൽകി. ട്യൂട്ടോറിയൽ കോളേജൊ, പരീക്ഷ സഹായികളൊ, മാധ്യമസഹായങ്ങളോ ഒന്നും ഇല്ലായിരുന്നിട്ടും 60-90 വിജയം നേടി. അത് അത്യധികം വിലമതിക്കപ്പെട്ട വിജയമായിരയായിരുന്നു. കുട്ടമ വളർത്തുന്നവരും വിവാഹം കഴിഞ്ഞവരും വിദ്യാർഥികളിലുണ്ടായിരുന്നു. ആൺകുട്ടികൾക്ക് വള്ളിനിക്കറും ഷർട്ടും പെൺകുട്ടികൾക്ക് പാവാടയും ബ്ലൗസ്സും ക്രിസ്ത്യൻ പെൺകുട്ടികളിൽ ചിലർക്ക് ചട്ടയും മുണ്ടും ഉണ്ടായിരുന്നു. വേഷം, പാന്റ്സ് ധരിക്കുന്നവർ ഇല്ലായിരുന്നു. ചിലർക്ക് യൂണിഫോം ഇല്ലായിരുന്നു. എഴുപുന്നയിൽ FCC കോൺവെന്റ് സ്ഥാപിതമായതോടുകൂടിയാണ് കന്യസ്ത്രീമാരായ അദ്ധ്യാപികമാർ നിയമിതരായിരുന്നു. ഫൗണ്ടൻ പേനയ്ക്ക് പകരം മഷിക്കുപ്പിയിൽ പേന മുക്കി എഴുതിയിരുന്നു. ശീലക്കുടയില്ല. കുട്ടികളിലധികവും ഓലക്കുടയിലാണ് മഴക്കാലങ്ങളിൽ സ്കൂളിൽ ഹാജരായിരുന്നത്. മഴ കൊള്ളാതിരിക്കാൻ ചേമ്പിലയും വാഴയിലയും ചൂടിവരുന്നവരും ഉണ്ടായിരുന്നു. ഹിന്ദി ഒരു വിഷയമായിരുന്നില്ല. ശുചിത്വം പാലിക്കാത്ത കുട്ടികളെ അവിരാസർ പല്ലുതേപ്പിക്കുകയും,സ്കൂൾ കുളത്തിലിറക്കി

**കുളിപ്പിക്കുകയും ചെയ്യും. തിരുവിതാംകൂറിന്റെ ദേശീയ ഗാനത്തോടെയാണ് ക്ലാസ്സ് തുടങ്ങുന്നത്. ഏഴാം ക്ലാസ്സ് പാസ്സായി സർട്ടിഫിക്കറ്റ് വാങ്ങി യാത്ര പറഞ്ഞു പോകുമ്പോൾ പലരും വിങ്ങിക്കരയാറുണ്ട്. സ്കൂളിന്റെ പേരുകാരനും സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായ വിശുദ്ദ റാഫേൽ മാലാഖയുടെ തിരുസ്വരൂപം പള്ളിപെരുന്നാളിനു തലേ ദിവസം സ്കൂളിൽ കോണ്ടുവരും. വാദ്യമേളങ്ങളോടുകൂടിയാണ് ഘോഷയാത്ര.അന്ന് കുട്ടികൾക്ക് സദ്യയോ മധുരപലഹാരങ്ങളോ വിതരണം ചെയ്യും. ആദ്യവാർഷികയോഗം ഉദ്ഘാടനം ചെയ്തത്. പണ്ഡിത ശ്രേഷ്ഠനും മഹാകവിയും ഗ്രന്ദകാരനുമായിരുന്ന മാത്തൻ തരകനായിരുന്നു**

# <u>സെന്റ് റാഫൽസ് ഹൈസ്കൂൾ</u>

**1976 ലാണ് ഹൈസ്കൂൾ ആരംഭിച്ചത്. ആദ്യ ഹെഡ് മിസ്ട്രസ് റവ. സി. റോസിൻ തന്നെയായിരുന്നു. 1960 ൽ റവ. ഫാ.ജോർജ് പാറയ്ക്കാനം, നെമ്മേലിപ്പറമ്പിൽ എൻ. കെ. കുര്യക്കോസും, കൂടിയാണ് ഹൈസ്കൂളിനു വേണ്ടി ഇറങ്ങിപുറപ്പെട്ടത്. എഴുപുന്ന, കോടംതുരുത്ത് എന്നീ പഞ്ചായത്തുകളിലെ തീരദേശമേഖലയിൽ അധിവസിക്കുന്ന മത്സ്യത്തോഴിലാളി, കർഷകതൊഴിലാളി, കയർത്തൊഴിലാളികളുടെ മക്കളുടെ ഉപകിപഠനത്തിന് എഴുപുന്ന സെന്റ റാഫേൽസ് സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് വേണ്ടി ധാരാളം തവണ സ്കൂൾ മാനേജ്മെന്റ് നടത്തിയപരിശ്രമം. പലവിധ സമയങ്ങളിലായി കുമ്പടഞ്ഞ സാഹചര്യത്തിൽ 1973-74 കാലഘട്ടത്തിൽ എഴുപുന്ന സെന്റ റാഫേൽസ് പള്ളി വികാരിയും സ്കൂൾ മാനേജരുമായിരുന്ന ഫ.എബ്രഹാം പൂച്ചക്കാടൻ വരികയും ഹൈസ്കൂൾ എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്തു. കമിറ്റി അംഗങ്ങളുടെ ആശ്രന്ത പരിശ്രമഫലമായി 1976 മാർച്ച് 8 ന് ഫാ. എബ്രഹാം പൂച്ചക്കാടൻ ശിലാസ്ഥാപനം നടത്തി പണിയാരംഭിച്ച. ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനു വേണ്ടി അവശ്യമായസ്ഥലം ചാണിപ്പറമ്പ് ശ്രീ സി എം കുര്യക്കോസിന്റ ഉടമസ്ഥതയിലുള്ള സ്ഥലവും സമീപവാസികളായ കൃഷ്ണൻ പുതുപറമ്പ് ചാത്തു. പുതുപറമ്പ് മൂർത്തു സന്നിലാൻ എന്നിവരുടെ കുടുംബങ്ങളെ മാറ്റിപാർപ്പിച്ച കൊണ്ട്. ഹൈസ്കൂളിന്**

**ആവശ്യമുള്ള 3 ഏക്കർസ്ഥലം ബഹു.ആലപ്പുഴലിദ്യഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയും ഹൈസ്കൂൾ ഉയർത്തുകയും ചെയ്തു. 1976 മെയ് 30ാം തീയതി**



**എഴുപുന്ന അതി രൂപതസഹായക മെത്രാൻ ഡോ. സെബാസറ്റ്യൻ മങ്കുഴിക്കരി അശീർവ്വദിച്ച ബഹുമാനപ്പെട്ട കേന്ദ്രമാന്ത്രി എ. സി. ജോസ് ഉദ്ഘാടനം നിർവ്വഹിച്ചു..**

## മിഡിൽ സ്കൂൾ

**1949 ൽ തിരു-സംസ്ഥാന സംയോജനത്തെ തുടർന്ന് വിദ്യഭ്യാസ രംഗത്തു ചില മാറ്റങ്ങൾ ഉണ്ടായി മലയാളം പ്രൈമറി സ്കൂൾ എന്നതു മാറ്റി മിഡിൽ സ്കൂളായി. പിന്നീട് ലോവർ പ്രാമറി എന്നു അപ്പർപ്രൈമറിയെന്നു പേരുമാറ്റി. ഈ. എസ്. എസ്. എൻ.**

**സി. എന്നത് എസ്. എസ്. എൽ. സി. എന്നായി ജോൺ സാർ ഹെഡ് മാസ്റ്റർ പദവി വിട്ട് സർക്കാർ സർവ്വീസിലേയ്ക്ക് പോയി പകരം കെ. സി. ഈപ്പൻ അദ്ദേഹത്തെ പിന്തുടർന്ന് എൻ. കെ. വർക്കി. കെ. എക്സ്. ജോസഫ്. എം. എം. മാത്യു. റവ. റോസി, സിസ്റ്ററിന്റെ യഥാർത്ഥനാമം പി. ജെ.കുഞ്ഞുകുഞ്ഞമ്മ എന്നായിരുന്നു. വി.എ.കുര്യാക്കോസ്. എൽ.എൻ. സേവ്യർ, വി.കെ. പ്രസന്ന, പി.പി.ചന്ദ്രശേഖരൻനായർ, എൻ.ജെ.സെബാസ്റ്റ്യന റ്റി.ശ്യാമകുമാർ, ജോൺസൻ സർ എന്നിവരാണ് പിന്നീട് ഹെഡ്മാസ്റ്റർമാരായി സേവനം അനുഷ്ഠിച്ചത്. ഇപ്പോഴത്തെ ഹെഡ് മാസ്റ്റർ ബിജുമോൻ ജോസഫ്.**

# സ്കൂളിന്റെ ആകൃതി E ആയി

**തെക്ക് പടിഞ്ഞാറെ കോണിലായിരുന്ന കിണർ പൊളിച്ചുമാറ്റി. അതിന്റെ അടിപ്പലക-കൾ ചാണിപ്പറമ്പിൽ നിന്നും വെട്ടിയെടുത്ത നെല്ലിമരത്തിന്റേതായിരുന്നു. ആ കിണറിരുന്ന ഭാഗത്താണ് ഇപ്പോഴത്തെ ഓഫീസ്. L ഷെയ്പ്പിൽ നിന്ന് E ,ഷെയ്പ്പിലേക്കാക്കിയത് വന്ദ്യ വയോധികനായ റവ.ഫാ. ജോസഫ് പാഴത്തറയായിരുന്നു.**

**ഈ സ്കൂളിനുവേണ്ടി, സഹായ ഹസ്തവും സംഭാവനകളും നൽകിയിട്ടുള്ളവർ ഏറെയുണ്ട്. അവരോടൊക്കെ നന്ദി പ്രകാശിപ്പിക്കുന്നു. അതുപോലെതന്നെ ശരിയായ നേതൃത്വം നൽകിയ ബഹുമാന്യനായ വൈദീകർ, സിസ്റ്റേഴ്സ്, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, സ്റ്റാഫ് അംഗങ്ങൾ,PTA അംഗങ്ങൾ,എം എൽ എ മാർ, സാമൂഹ്യപ്രവർത്തകർ, എന്നിവരെയും, വിധ്യാഭ്യാസ വകുപ്പിലെ മേരി സക്കറിയയെ പോലെയുള്ള ഉദ്യോഗസ്ഥരെയും മറക്കാനാവില്ല.**
**തന്റെ സ്വപ്നം സാക്ഷീകരിക്കുന്നതിന് തൊട്ട് മുമ്പ് ഈ ലോകം വെടിഞ്ഞ N K കുരിയാക്കോസിന്റെ സ്മരണയ്ക്ക് സ്നേഹാഞ്ജലികൾ അർപ്പിക്കാം...........**

**റോമാസാമ്രാജ്യം ഒറ്റനാൾകൊണ്ട് കെട്ടിപ്പടുത്തതല്ല, സെന്റ് റാഫേൽസ് സ്കൂളും അങ്ങനെ തന്നെ ........**

**പ്ലാറ്റിനം ജൂബിലിക്കു, ഹൈസ്കൂളിനും, ആയിരമായിരം അഭിവാദനങ്ങൾ...........**

**Layola K B**

ലിറ്റിൽ സൈ്മൽ





*LINTA MARTIN*

*XD*

# ഞങ്ങളുടെ സ്വന്തം കലാകാരന്മാർ






ലിറ്റിൽ സൈ്മൽ



# ഞങ്ങളുടെ കായികതാരങ്ങൾ



# ഞങ്ങളുടെ ഡിജിറ്റൽ താരങ്ങൾ

